LIBRARY ARCHIVES Kerala Legislative Assembly

ആനക്കര കൂട്ടക്കടവ് ഭാഗത്ത് ഭാരതപ്പുഴയിൽ ചെക്ക് ഡാം നിർമ്മാണം

69 [2540] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, മലപ്പുറം ജില്ലകളെ ബന്ധിപ്പിക്കുന്നതും തൃതപുഴയ്ക്ക് താഴെയുള്ളതുമായ ആനക്കര കൂട്ടക്കടവ് ഭാഗത്ത് ഭാരതപ്പുഴയിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിന് എത്ര തുക ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ബഡ്ജറ്റിൽ നീക്കിവെച്ച തുക അപര്യാപ്തമാണോ; എങ്കിൽ ബാക്കി തുക എങ്ങനെ കണ്ടെത്തുമെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി എന്നാരംഭിക്കുമെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ചെക്ക് ഡാം നിർമ്മിക്കുന്നതിന് വിശദമായ പര്യവേഷണം നടത്തുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. പര്യവേഷണം നടത്തിയതിന് ശേഷം മാത്രമേ ഇതിനുവേണ്ടി ചിലവു വരുന്ന തുക കണക്കാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) 2004-05-ൽ ടി പ്രവർത്തിക്കായി 1000 രൂപയാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഭരണാനുമതിയും പ്രത്യേക അനുവാദവും നൽകുന്ന മുറക്കു മാത്രമേ പണി ആരംഭിക്കുന്നതിനു കഴിയുകയുള്ളൂ.

(ഡി) വിശദമായ പഠനത്തിനു ശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ മേൽനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ഇല്ലിക്കൽ റെഗുലേറ്റർ

70 [2542] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നതും തൃശ്ശൂർ കോൾ മേഖലയുടെ ഏറ്റവും പ്രധാനപ്പെട്ട റെഗുലേറ്ററുമായ ഇല്ലിക്കൽ റെഗുലേറ്റർ പുതുക്കി പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി അംഗീകരിച്ചിട്ടുള്ള എസ്റ്റിമേറ്റ് തുക എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ഓടൻചിറ റെഗുലേറ്ററിന്റെ എത്ര ഷട്ടറുകളുടെ നിർമ്മാണം പൂർത്തിയായി എന്നും ഇതിനായി എന്ത് തുക ചെലവായി എന്നും വ്യക്തമാക്കുമോ;